LIBRARY ARCHIVES Kerala Legislative Assembly

**ട്രാൻസ്പോർട്ട് കമ്മ്യൂണിക്കേഷൻ സെക്ടറിന്റെ ബഡ്ജറ്റ് വിഹിതം**

151 (505) ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് കമ്മ്യൂണിക്കേഷൻ സെക്ടറിനുവേണ്ടി 2011-12-ലെ സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുക എത്രയായിരുന്നു ; അതിൽ എത്ര തുക ചെലവഴിച്ചു ;

(ബി) ഇതിൽ വാട്ടർ ട്രാൻസ്പോർട്ടിന് വേണ്ടി മാത്രം എത്ര തുക നീക്കിവെച്ചിരുന്നു ; അതിൽ എത്ര തുക ചെലവഴിച്ചു ;

(സി) വാട്ടർ ട്രാൻസ്പോർട്ടിനുവേണ്ടി നീക്കിവെച്ച തുക പൂർണ്ണമായി ചെലവഴിക്കാനായില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ട്രാൻസ്പോർട്ട് കമ്മ്യൂണിക്കേഷൻ സെക്ടറിനു വേണ്ടി 2011-12-ലെ സംസ്ഥാന ബജറ്റിൽ 3256.89 കോടി രൂപ വകയിരുത്തുകയും 3885.43 കോടി രൂപ 2011-12-ൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വാട്ടർ ട്രാൻസ്പോർട്ടിന് മാത്രം 3056 (നോൺ പ്ലാൻ), ഇനത്തിൽ 4313.66 ലക്ഷം രൂപയും 5056 (പ്ലാൻ) ഇനത്തിൽ, 1150 ലക്ഷം രൂപയും, 5056 (നോൺ പ്ലാൻ) ഇനത്തിൽ 30.01 ലക്ഷം രൂപയും നീക്കി വച്ചിരുന്നു. ഇതിൽ യഥാക്രമം 3152.83 ലക്ഷം രൂപയും 932.07 ലക്ഷം രൂപയും 9.39 ലക്ഷം രൂപയും വീതം ചെലവഴിച്ചു.

(സി) സംസ്ഥാന ജലഗതാഗത വകുപ്പിൽ കണിശമായ ചെലവു ചുരുക്കൽ നടപടികൾ സ്വീകരിച്ചതുമൂലം നോൺ പ്ലാൻ ഇനത്തിലും പി.ഡബ്ല്യു.ഡി. ഇറിഗേഷൻ, ഇൻലാന്റ് നാവിഗേഷൻ ഡിവിഷൻ, സിൽക്ക് എന്നീ സർക്കാർ ഏജൻസികളിൽ നിന്നും യഥാസമയം പ്ലാൻ, എസ്റ്റിമേറ്റ്, സ്റ്റേജ് ബില്ലുകൾ എന്നിവ ലഭിക്കാതിരുന്നതിനാൽ പ്ലാൻ ശീർഷകത്തിലും തുക പൂർണ്ണമായി ചെലവഴിക്കുവാൻ കഴിഞ്ഞില്ല. എന്നിരുന്നാലും പദ്ധതി തുകയുടെ 81.05 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്.

**ഔദ്യോഗിക വാഹനങ്ങളിലെ ബോർഡുകൾ**

152 (506) ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളുടേതല്ലാത്ത ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയുടെ ഔദ്യോഗിക വാഹനങ്ങളിൽ ചുവന്ന നിറത്തിൽ 'കേരള സർക്കാർ' എന്ന ബോർഡ് സ്ഥാപിക്കുന്നതിന് അനുവാദം ഇല്ലെന്നിരിക്കെ, അത് ലംഘിച്ച ഏതെല്ലാം സ്ഥാപനങ്ങൾക്ക് എതിരെ കഴിഞ്ഞ ഒരു വർഷത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ;